# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2182 — 04.11.2019 - ൽ മറുപടിക്ക്

**<u>സർക്കാർ മേഖലയിലെ നേഴ്സിംഗ് കോളേജുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര നേഴ്സിംഗ് കോളേജുകളാണ് പ്രവർത്തിച്ചു വരുന്നത്; വിശദവിവരം നൽകുമോ; | (എ) കേരള സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 7 നേഴ്സിംഗ് കോളേജുകൾ പ്രവർത്തിച്ചു വരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, എന്നിവിടങ്ങളിലാണ് നേഴ്സിംഗ് കോളേജുകൾ പ്രവർത്തിച്ചു വരുന്നത്. |
| (ബി) പുതിയതായി ഏതെങ്കിലും നേഴ്സിംഗ് കോളേജുകൾ സർക്കാർ തലത്തിൽ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | ബി) സർക്കാർ മെഡിക്കൽ കോളേജുകളായ കൊല്ലം, മഞ്ചേരി എന്നിവിടങ്ങളിൽ പുതിയ നേഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ചുള്ള ഭൗതിക സാഹചര്യം ഒരുക്കൽ, തസ്തിക സൃഷ്ടിക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്. |

Milan

സെക്ഷൻ ഓഫീസർ